പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 5640 | 02.07.2014- ൽ മറുപടിക്ക് |
|---|---|

## മായം കലർന്ന ഭക്ഷ്യവസ്തുക്കളുടെ ലബോറട്ടറി പരിശോധനാ ഫലം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ആരോഗ്യവകുപ്പ് അധികൃതർ പരിശോധന നടത്തി പിടിച്ചെടുക്കുന്ന മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ ഏതെല്ലാം ലബോറട്ടറികളിലാണ് പരിശോധിക്കുന്നതെന്ന് അറിയിക്കാമോ; | എ) | ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്ന സാമ്പിളുകൾ തിരുവനന്തപുരം എറണാകുളം, കോഴിക്കോട് എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്താറുണ്ട്. കൂടാതെ Food Safety and Standards Authority of India അംഗീകരിച്ച അക്രഡിറ്റഡ് ലാബുകളുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. |
| ബി) | ഇപ്രകാരം പിടിച്ചെടുക്കുന്ന ഭക്ഷ്യവസ്തുക്കൾ പരിശോധിച്ച് ഫലം ലഭ്യമാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണമെന്താണ്; | ബി) | . അനലറ്റിക്കൽ ലാബോറട്ടറികളിൽ ലഭിച്ചിട്ടുള്ള എല്ലാ ഭക്ഷ്യസാമ്പിളുകളും നിയമത്തിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ പരിശോധന ഫലം ലഭ്യമാക്കുന്നുണ്ട്. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഭക്ഷ്യവസ്തുക്കൾ പരിശോധിച്ച് ഫലം ലഭ്യമാക്കേണ്ടതായ എത്ര കേസുകൾ വിവിധ ലബോറട്ടറികളിൽ കെട്ടികിടപ്പുണ്ടെന്നും അവ ഏത് വർഷം മുതലുള്ളവയാണെന്നും അറിയിക്കാമോ; | സി) | അനലറ്റിക്കൽ ലാബോറട്ടറികളിൽ ലഭിച്ചിട്ടുള്ള എല്ലാ ഭക്ഷ്യസാമ്പിളുകളും നിയമത്തിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ പരിശോധന ഫലം ലഭ്യമാക്കുന്നുണ്ട്. |
| ഡി) | ഭക്ഷ്യവസ്തുക്കൾ പരിശോധിച്ച് കാലതാമസം കൂടാതെ ഫലം ലഭ്യമാക്കുന്നതിനാവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ സജ്ജമാക്കുമോ? | ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**